**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 510 — 02.07.2013-ലെ മറുപടിയ്ക്ക്

## ടൂറിസം രംഗത്ത് സഹകരണ സംഘങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ.മുരളീധരൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, വി.ഡി.സതീശൻ<br>,, എം.പി.വിൻസെന്റ് | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി) |
| (എ) | ടൂറിസം രംഗത്ത് സഹകരണ സംഘങ്ങൾ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ അംഗങ്ങളാക്കിക്കൊണ്ട് ടൂറിസം സഹകരണ സ്ഥാപനങ്ങളുടെ അപ്പക്സ് സ്ഥാപനമായി കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ നമ്പർ.4469 (ടൂർഫെഡ്) രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ലനിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിൽ കൂടി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയുർവേദം, കൈത്തറി, കയർ, മറ്റ് ചെറുകിട വ്യവസായ അനുബന്ധ മേഖലകൾ എന്നിവയെ സഹകരണ വിനോദ സഞ്ചാരം മുഖേന പ്രോത്സാഹിപ്പിക്കുന്നു. ആയതിനായി |

സഹകരണ സ്ഥാപനങ്ങളിൽ കൂടി വിനോദ സഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന പദ്ധതി പ്രകാരവും എൻ.സി.ഡി.സി പദ്ധതി പ്രകാരവും ധനസഹായം നൽകി വരുന്നു. കൂടാതെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും എൻ.സി.ഡി.സി സഹായത്തോടുകൂടി വിനോദ സഞ്ചാര പ്രാധാന്യമുള്ള മേഖലകളിൽ സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ ഗസ്റ്റ് ഹൗസുകൾ അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ബി) എന്തെല്ലാം പദ്ധതികളാണ് ഇപ്രകാരം നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ;

(ബി) ടൂറിസം രംഗത്ത് പല നൂതന പദ്ധതികളും ടൂറിസം സഹകരണ സംഘങ്ങളും, ടൂർഫെഡും നടപ്പിലാക്കുവാനുദ്ദേശിക്കുന്നുണ്ട്. ടൂർഫെഡ് ആദ്യമായി കേരളത്തിൽ ഒരു ഓൺലൈൻ ഹോളിഡേ പോർട്ടൽ ആരംഭിക്കുന്നതിന് ശ്രമമാരംഭിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ ജോബ് സെന്ററും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാന വീഥികളിൽ വിശ്രമകേന്ദ്രങ്ങൾ ഒരുക്കുന്ന പദ്ധതി, ഇവന്റ് മാനേജ്മെന്റ് പദ്ധതി, കേരളത്തിന്റെ കൂടുതൽ തിരക്കുള്ള ഭാഗങ്ങളിലും ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഹൈജീനിക് കോഫീ സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും ടൂർഫെഡിനുണ്ട്. ഇന്ത്യയിലെ പ്രധാന ട്രാവൽ ആന്റ് ടൂറിസം ഫെയറുകളിൽ പങ്കെടുത്ത് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള ടൂർ പാക്കേജുകൾ, ഗ്രാമീണ ടൂറിസം ക്ലബ്ബുകൾ എന്നിവ

രൂപീകരിക്കുവാൻ ടൂർഫെഡ് ഉദ്ദേശിക്കുന്നുണ്ട്. ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങളുടെ പ്രവർത്തനപരിധിക്കകത്ത് ടൂറിസം പ്രോജക്ട് തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകൾ, ടൂർപാക്കേജുകൾ എന്നിവയ്ക്കായി ധനസഹായം നൽകി വരുന്നു. ആയതിനായി 2013-2014 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിന് സംഘങ്ങൾക്ക് സബ്സിഡിയും ഓഹരിയും നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

(സി) യും (ഡി) യും ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി സംഘങ്ങൾക്ക് സംസ്ഥാന പദ്ധതി പ്രകാരം ഓഹരി, സബ്സിഡി ഇനത്തിലായി 1:2 അനുപാതത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം സഹകരണ സംഘങ്ങൾക്ക് പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000/- രൂപ വീതം ഓഹരി മൂലധന സഹായവും നൽകി വരുന്നു. NCDC പദ്ധതി പ്രകാരം, സംഘം സമർപ്പിക്കുന്ന അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഹരി മൂലധനസഹായം, വായ്പ എന്നിവ നൽകി വരുന്നു. ധനസഹായം നൽകുന്നതിനുള്ള നിബന്ധനകൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾ മുഖേന വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നുണ്ട്. ആയുർവ്വേദം, കൈത്തറി, കയർ, മറ്റ് ചെറുകിട വ്യവസായ അനുബന്ധമേഖലകളെ സഹകരണ വിനോദസഞ്ചാര മേഖലയിലൂടെ പരോക്ഷമായി പ്രോത്സാഹിപ്പിക്കുന്നതിനാണ് ധനസഹായം നൽകുന്നത്. കൂടാതെ ടൂറിസം സഹകരണ സംഘങ്ങൾക്ക് പലവക വിഭാഗത്തിൽ ഉൾപ്പെടുത്തി 2,00,000/- രൂപ വീതം ഓഹരി മൂലധന സഹായവും നൽകി വരുന്നു.

എൻ.സി.ഡി.സി പദ്ധതി പ്രകാരം ടൂറിസം സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായും വായ്പയായും ധനസഹായം നൽകുന്നുണ്ട്. ഓഹരി മൂലധനമായി അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനത്തിന്റെ 50 ഇരട്ടി വരെ ധനസഹായമായി അനുവദിക്കാറുണ്ട്. ടി ധനസഹായം അനുവദിക്കുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു.

1. സംഘത്തിൽ കുറഞ്ഞത് 100 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം.
2. സർക്കാർ ഓഹരി മൂലധനം ഒഴികെ അംഗങ്ങളിൽ നിന്നും പിരിച്ചെടുത്ത ഓഹരി മൂലധനമായി 1 ലക്ഷം രൂപയെങ്കിലും ഉണ്ടായിരിക്കണം.
3. ബൈലായിൽ സർക്കാർ ഓഹരി മൂലധന പങ്കാളിത്തത്തിനും, സർക്കാർ/എൻ.സി.ഡി.സി.യിൽ നിന്നും വായ്പ എടുക്കുന്നതിനും വ്യവസ്ഥയുണ്ടായിരിക്കണം.
4. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി ഉണ്ടായിരിക്കണം.
5. മുഴുവൻ സമയ പെയ്ഡ് സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഉണ്ടായിരിക്കണം.
6. അഴിമതി രഹിതവും, സർക്കാരിലേക്ക് കുടിശ്ശിക രഹിതവും ആയിരിക്കണം.
7. വായ്പ ധനസഹായത്തിന് ആവശ്യമായ ഈട് നൽകാൻ സംഘത്തിന് മതിയായ ജാമ്യവസ്തു ഉണ്ടായിരിക്കണം.

എൻ.സി.ഡി.സി ധനസഹായത്തിനുള്ള അപേക്ഷയോടൊപ്പം പദ്ധതി ധന സഹായം ലഭ്യമാക്കുന്നതിനും, കാലാകാലങ്ങളിലുള്ള നിബന്ധനകൾ അംഗീകരിച്ചുകൊണ്ടും രേഖകളിൽ ഒപ്പ് വയ്ക്കുന്നതിനും അധികാരപ്പെടുത്തി കൊണ്ടുള്ള ഭരണസമിതി തീരുമാനവും, വിശദമായ പ്രോജക്ട് റിപ്പോർട്ടും, കഴിഞ്ഞ 3 വർഷത്തെ സാമ്പത്തിക പത്രികകളും ഏറ്റവും ഒടുവിലത്തെ ആഡിറ്റ് സർട്ടിഫിക്കറ്റും, അംഗങ്ങളും

സർക്കാരും തമ്മിലുള്ള ഓഹരി 1:50 ആയി നിലനിർത്തി കൊള്ളാമെന്ന ഭരണസമിതി തീരുമാനവും, അഴിമതി രഹിത കുടിശിക രഹിത സർട്ടിഫിക്കറ്റുകളും, സർക്കാർ ധനസഹായം/ആഡിറ്റ് ഫീസ്/ഡിവിഡന്റ് സംബന്ധിച്ച വിവരങ്ങളും സമർപ്പിച്ചിരിക്കണം.

വായ്പ, ആദ്യ തുക പിൻവലിച്ചതിന്റെ ആദ്യ വർഷം മുതൽ തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം. ഓഹരി മൂലധനം ആദ്യ തുക പിൻവലിച്ചതിന്റെ രണ്ടാം വർഷം മുതൽ 10 തുല്യ വാർഷിക തവണകളായി തിരിച്ചടയ്ക്കണം.

സെക്ഷൻ ഓഫീസർ